പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3152.

15.02.2013 ൽ മറുപടിക്ക്

## സപ്ലൈകോ നിയന്ത്രണത്തിലുള്ള ന്യായവില ഹോട്ടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എ. പ്രദീപ് കുമാർ:<br>ശ്രീമതി പി. അയിഷാ പോറ്റി:<br>ശ്രീ. കെ. രാധാകൃഷ്ണൻ:<br>,, എസ്. രാജേന്ദ്രൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;<br><br>(ബി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ അളവും വിലയും നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) + (ബി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്; ഹോട്ടലുകളിൽ വില്ക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വിലനിലവാരപ്പട്ടിക പ്രദർശിപ്പിക്കുന്നത് 1977 ലെ കേരള ഫുഡ്സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. ഇതുറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, റവന്യൂ, ആരോഗ്യം, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധനനടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു; ഹോട്ടലിലെ ഭക്ഷണ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള അധികാരം സിവിൽ സപ്ലൈസ് വകുപ്പിനില്ല; |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് നിലവിൽ സപ്ലൈകോ നിയന്ത്രണത്തിലുളള എത്ര ന്യായവില ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന് സപ്ലൈകോ എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നത്. മറ്റ് ഹോട്ടലുകളും മാവേലി ഹോട്ടലുകളും തമ്മിൽ വിലയിലുളള അന്തരം എത്ര ശതമാനമാണ്; കൂടുതൽ മാവേലി ഹോട്ടലുകൾ ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് ആഹാരം നല്കുന്നതിന് തയ്യാറാകുമോ ; | (സി) | നിലവിൽ സപ്ലൈകോ നിയന്ത്രണത്തിൽ ന്യായവില ഹോട്ടലുകൾ പ്രവർത്തിക്കുന്നില്ല. കൂടുതൽ മാവേലി ഹോട്ടലുകൾ ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് ആഹാരം നല്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകിയ റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്; |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യായവില ഹോട്ടലുകൾ തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ എത്ര ഹോട്ടലുകൾ എവിടെയെല്ലാമാണ് തുടങ്ങിയിട്ടുളളതെന്ന് വെളിപ്പെടുത്താമോ ; | (ഡി) | ഇല്ല; |
| (ഇ)<br><br>(എഫ്) | ദിനംപ്രതി സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണത്തിനായി എത്തുന്ന പതിനായിരക്കണക്കിന് ആളുകളെ ഹോട്ടലുടമകളുടെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കാൻ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ;<br><br>ഇതിനാവശ്യമായ നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഇ) + (എഫ്) | ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിനായി ഒരു നിയമ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ